STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.241/PR/SPMC/PHQ/2022 Date:11.11.2022

## കൊല്ലം റൂറൽ പോലീസിന് പുതിയ കെട്ടിടം; ഉദ്ഘാടനം ശനിയാഴ്ച

കൊല്ലം റൂറൽ ജില്ലാ പോലീസ് ആസ്ഥാനത്തിനായി നിർമ്മിച്ച പുതിയ ബഹുനില മന്ദിരത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ശനിയാഴ്ച നിർവ്വഹിക്കും.

കൊട്ടാരക്കര ഇ.ടി.സി ജംഗ്ഷനു സമീപം നിർമ്മിച്ച പുതിയ കെട്ടിടത്തിൽ നടക്കുന്ന ചടങ്ങിൽ ധനകാര്യവകുപ്പ് മന്ത്രി കെ.എൻ ബാലഗോപാൽ മുഖ്യാതിഥി ആയിരിക്കും. ക്ഷീരവികസനം, മൃഗസംരക്ഷണവകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി മുഖ്യപ്രഭാഷണം നടത്തും. എം.പിമാരായ കൊടിക്കുന്നിൽ സുരേഷ്, എൻ.കെ പ്രേമചന്ദ്രൻ, എം.എൽ.എമാരായ കെ.ബി ഗണേഷ് കുമാർ, പി.സി വിഷ്ണുനാഥ്, പി.എസ് സുപാൽ, കോവൂർ കുഞ്ഞുമോൻ, ജി.എസ് ജയലാൽ എന്നിവർ ആശംസകൾ നേരും. സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത്, എ.ഡി.ജി.പിമാരായ കെ.പത്മകുമാർ, എം.ആർ അജിത്ത് കുമാർ, ഐ.ജി പി.പ്രകാശ്, ഡി.ഐ.ജി ആർ.നിശാന്തിനി, കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി കെ.ബി രവി, കൊട്ടാരക്കര മുൻസിപ്പൽ ചെയർമാൻ എ. ഷാജു, വൈസ് ചെയർപേഴ്സൺ അനിത ഗോപകുമാർ, മുൻ എം.എൽ.എ ഐഷാപോറ്റി എന്നിവർ പങ്കെടുക്കും.

നാലുനിലകളിലായി നിർമ്മിച്ച കെട്ടിടത്തിൽ എല്ലാവിധ ആധുനിക സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. 15,000ൽപ്പരം ചതുരശ്രഅടി വിസ്തീർണമുള്ള കെട്ടിടം ആറേ മുക്കാൽ കോടി രൂപ ചെലവിലാണ് നിർമ്മിച്ചിട്ടുള്ളത്.

പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെ ഏതാനും കെട്ടിടങ്ങളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും മുഖ്യമന്ത്രി ഇതോടൊപ്പം ഓൺലൈനായി നിർവ്വഹിക്കും. കൊല്ലം ജില്ലയിലെ അച്ചൻകോവിൽ, വയനാട് ജില്ലയിലെ പനമരം എന്നീ പോലീസ് സ്റ്റേഷനുകൾക്കായി പുതുതായി നിർമ്മിച്ച കെട്ടിടങ്ങൾ, ആലപ്പുഴ ജില്ലയിലെ പട്ടണക്കാട്, ആലപ്പുഴ സൗത്ത്, തൃക്കുന്നപ്പുഴ, എറണാകുളം റൂറൽ ജില്ലയിലെ നോർത്ത് പറവൂർ, ചെങ്ങമനാട്, മുളന്തുരുത്തി, ഊന്നുകൽ എന്നീ പോലീസ് സ്റ്റേഷനുകളിലെ ശിശുസൗഹൃദഇടങ്ങൾ എന്നിവയാണ് കൊട്ടാരക്കരയിലെ ചടങ്ങിൽ നിന്ന് മുഖ്യമന്ത്രി ഓൺലൈനായി ഉദ്ഘാടനം ചെയ്യുന്നത്. ആലപ്പുഴയിലെയും വയനാട്ടേയും പോലീസ് കൺട്രോൾ റൂം, കോട്ടയത്തെ റിപ്പീറ്റർ സ്റ്റേഷൻ, പള്ളിക്കത്തോട് സ്റ്റേഷനിലെ അനുബന്ധസൗകര്യങ്ങൾ എന്നിവയും ഇതോടൊപ്പം ഉദ്ഘാടനം ചെയ്യുന്നു. കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി സബ്ബ് ഡിവിഷൻ, കാസർഗോഡ് ജില്ലയിലെ ബേക്കൽ സബ് ഡിവിഷൻ, മേൽപ്പറമ്പ, സൈബർ

ക്രൈം, വനിതാ പോലീസ് സ്റ്റേഷനുകൾ, തൃശൂർ സിറ്റി ഈസ്റ്റ് പോലീസ് സ്റ്റേഷൻ, കണ്ണൂരിലെ കണ്ണവം പോലീസ് സ്റ്റേഷൻ, കൊല്ലം റൂറലിലെ കൊട്ടാരക്കര പോലീസ് സ്റ്റേഷൻ, വനിതാസെൽ എന്നിവയുടെ ശിലാസ്ഥാപനവും ഇതോടൊപ്പം നടക്കും.

***************************